**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3077** **22.6.2012-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ കാലിത്തീറ്റ ലഭ്യതയിലെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | കേരളാ ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിലൂടെ സംസ്ഥാനത്തെ ക്ഷീരകർഷകർക്കുവേണ്ട കാലിത്തീറ്റ ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കാലിത്തീറ്റയുടെ വരവ് മിക്കപ്പോഴും നിലയ്ക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ ക്ഷീരകർഷകർ പ്രതിസന്ധിയിലാകുന്ന ദുരവസ്ഥ അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകുമോ; | ബി) | അടിയന്തിര നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള ഫാക്ടറി കേരള ഫീഡ്സിന്റെ അനുബന്ധസ്ഥാപനമായി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രവർത്തനക്ഷമമാകാറായി വരുന്നു. ഈ മാസം അവസാനത്തോടുകൂടി ഈ ഫാക്ടറിയിൽ നിന്നുള്ള ഉത്പാദനം ആരംഭിക്കുന്നതിനാണ് നടപടിയെടുത്തു വരുന്നത്. കൂടാതെ കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂരിലും , ഇടുക്കി ജില്ലയിലെ തൊടുപുഴയിലും കേരള ഫീഡ്സിന്റെ പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | സ്വകാര്യ കമ്പനികൾ ഈ കാലിത്തീറ്റക്ഷാമം മുതലാക്കി അവരുടെ ഉല്പന്നങ്ങൾക്ക് വിലവർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; | സി) | സ്വകാര്യ കമ്പനികളുടെ വില നിലവാരം നിയന്ത്രിക്കുന്നതിന് സംവിധാനമില്ല. |
| ഡി) | കന്നുകാലികളുടെ എണ്ണത്തിൽ സംസ്ഥാനത്താകെ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിന്റെ അനുപാതത്തിൽ ആവശ്യമായ കാലിത്തീറ്റ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) | പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങൾ കേരളത്തിലെ കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. കേരള ഫീഡ്സിന്റെ, തൃശ്ശൂർ ജില്ലയിലെ, കല്ലേറ്റുംകരയിലുള്ള കാലിത്തീറ്റ നിർമ്മാണ ഫാക്ടറി 500 മെ. |

ടൺ ഉൽപ്പാദനം നടത്തുന്നുണ്ട്. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലെ പുതിയ പ്ളാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള പ്രൈമ ഫീഡ്സിന്റെ ഫാക്ടറി വാടകയ്ക്ക് എടുത്ത്, പ്രതിദിനം 150 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. മിൽമയുടെ കീഴിൽ പാലക്കാട് മലമ്പുഴയിലും ആലപ്പുഴയിലെ പട്ടണക്കാടുമായി 300 ടൺ പ്രതിദിന ഉല്പാദന ശേഷിയുള്ള 2 കാലിത്തീറ്റ ഫാക്ടറികൾ ഇപ്പോൾ ഉണ്ട്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും അവയുടെ കൂടിയ വിലയും, കാലിത്തീറ്റ നിർമ്മാണത്തെ ബാധിക്കാറുണ്ടെങ്കിലും, കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ, മിൽമ ന്യായമായ വിലയ്ക്ക് നൽകുന്നുണ്ട്.

Seela

**സെക്ഷൻ ഓഫീസർ**